സർക്കാർ സർവ്വീസിൽ അംഗപരിമിതരെ സ്ഥിരപ്പെടുത്താൻ നടപടി

229 (7528) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതുവരെ എത്ര അംഗപരിമിതർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ. 9എ(1) ചട്ടപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ എത്ര അംഗപരിമിതരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) സർക്കാർ സർവ്വീസിൽ അംഗപരിമിതരായ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(ഡി) അംഗപരിമിതരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

230 (7529) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വികലാംഗർ ഉള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) അർഹരായ മുഴുവൻ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകിയെന്ന് അറിയിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വികലാംഗർക്ക് സർക്കാർ പ്രഖ്യാപിത ആനുകൂല്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-ലെ നാഷണൽ പോപ്പുലേഷൻ സെൻസസ് കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 7,61,843 അംഗപരിമിതർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സാമൂഹ്യസുരക്ഷാ മിഷൻ പ്രാദേശിക തലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അർഹരായ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിതരണം ചെയ്ത് വരുന്നു. 2009 ഡിസംബർ മുതൽ 2014 മാർച്ച് വരെ 2,70,746 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന അംഗപരിമിതരുടെ സെൻസസിൽ ഓരോ ജില്ലയിലേയും അവശേഷിക്കുന്ന മുഴുവൻ അംഗപരിമിതരേയും മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി 40% ഉം അതിലധികവും അംഗപരിമിതിയുള്ള മുഴുവൻ പേർക്കും തിരിച്ചറിയൽ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നു.

അംഗപരിമിതർക്ക് സെൻസസിലൂടെ ശേഖരിക്കുന്ന അപേക്ഷകളിൽ 2 പഞ്ചായത്തുകൾക്ക് ഒരു മെഡിക്കൽ ക്യാമ്പ് എന്ന ക്രമത്തിൽ പഞ്ചായത്തു തലത്തിലും ഓരോ മുനിസിപ്പാലിറ്റികളിലും ഓരോ മെഡിക്കൽ ക്യാമ്പ് എന്ന ക്രമത്തിലും ഓരോ കോർപ്പറേഷൻ പരിധിയിൽ 2 മെഡിക്കൽ ക്യാമ്പുകൾ എന്ന രീതിയിലും ആകെ 559 മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ഉദ്ദേശിച്ചിരിക്കുന്നു.

പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ പറ്റാത്തവിധം ഗുരുതരവൈകല്യങ്ങളാൽ കിടപ്പിലായി വീടുകളിൽതന്നെ കഴിയുന്നവർക്ക് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾവഴി വൈകല്യനിർണ്ണയം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം നടത്തുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നുണ്ട്.

(സി) 2011 ഏപ്രിൽ മാസം മുതൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ ആകെ 72,530 അംഗപരിമിതർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

(ഡി) കേരള സാമൂഹ്യ സുരക്ഷാമിഷൻവഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾവഴി 2011 ഏപ്രിൽ മുതൽ ലഭ്യമാക്കിയിരിക്കുന്ന ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതികൾ	2011 ഏപ്രിൽ മുതൽ ഉൾപ്പെട്ടിരിക്കുന്നവരുടെ എണ്ണം
1	വികലാംഗ തിരിച്ചറിയൽ കാർഡ്	72,530
2	ശ്രുതി തരംഗം (കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി)	401
3	ആശ്വാസകിരണം	57,184
4	SID റുബെല്ല വാക്സിനേഷൻ	2013-14, 2,05,000 2014 ജനുവരി 28 മുതൽ എല്ലാ സർക്കാർ പ്രസവ ആശുപത്രികളിലുമായി 3,00,000 വാക്സിൻ വിതരണം നടത്തിയിട്ടുണ്ട്.

കൂടാതെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻവഴി 9,507 അംഗപരിമിതർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly